# PERIODIC TEST - 2

**Class X** **MALAYALAM** **Time : 3 hrs.**
**Marks : 80**

**The question paper will be divided into two sections.**

എ വിഭാഗം - അവധാരണം - 40 marks
പദപരിചയം
ബി വിഭാഗം - വ്യാകരണം, രചന - 40 marks
സാഹിത്യം

---

## എ വിഭാഗം

**I. ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും എട്ടെണ്ണത്തിന് മാത്രം ശരിയുത്തരം എടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കുവീതം)** **8 × 1 = 8**

സാങ്കേതികമായ പ്രവചനങ്ങളുടെ കാലമാണ് ആഗോളവൽക്കരണത്തിലൂടെ സംജാതമായത്. വിവരസാങ്കേതിക വിദ്യകളുടെ അനിതരസാധാരണമായ വികാസം ദൂരം എന്ന യാഥാർത്ഥ്യത്തെ അപ്രസക്തമാക്കി. ക്രമബദ്ധതകളെല്ലാം ഇതോടെ തകർന്നു. ഈ ശിഥിലയാഥാർത്ഥ്യങ്ങളിലേക്ക് വ്യക്തികൾ വലിച്ചിഴയ്ക്കപ്പെട്ടതോടെ അവരുടെ ദേശീയതകളും തകർന്നു. മഹത്തായ സംസ്കാരശൈലികളുടെ തിരോധാനം ആഗോളവൽക്കരണമുണ്ടാക്കിയ ഭീമമായ വിപത്തുകളിലൊന്നാണ്. വിപണിയെ ആശ്രയിച്ചു കഴിയുന്ന ആഗോളവൽകൃത സമൂഹത്തിൽ സംസ്കാരത്തിന്റെ പൊള്ളയായ ആചരണങ്ങൾ മാത്രമാണ് കാണുന്നത്. അവികലമായ സാംസ്കാരിക ലാവണ്യബോധം വിപണിയുടെ ഭാഗമായിത്തീർന്നു. ആഗോളവൽക്കരണം മനുഷ്യനെ ആവശ്യങ്ങളുടെ ഖനിയാക്കി മാറ്റി. ഓരോരുത്തരുടെയും ജീവിതത്തിനുമേൽ അവനവന്റെ പരിധിയിലൊതുങ്ങാത്ത ആവശ്യങ്ങളുടെയും ആഗ്രഹങ്ങളുടെയും സമ്മർദ്ദമുണ്ട്. അതുകൊണ്ട് എല്ലാവരും എല്ലായ്പ്പോഴും അസംതൃപ്തരും നിരാശരുമാണ്. മൂല്യങ്ങളകലുമ്പോൾ പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നു. മനുഷ്യന് തന്നിലുള്ള കടിഞ്ഞാൺ നഷ്ടപ്പെടുന്നു എന്നതാണ് ഏറ്റവും വലിയ ദുരന്തം. അദൃശ്യമായ വേട്ടക്കാരാൽ വേട്ടയാടപ്പെടുന്ന ഇരകളായി നാം മാറുന്നു. ചെറിയ ഭീതികളിൽനിന്ന് വലിയ ദുരന്തങ്ങളിലേക്ക് ഒരു സമൂഹം വലിച്ചിഴയ്ക്കപ്പെടുന്നത് ആശാവഹമായ പരിണാമമല്ല.

1) എപ്പോഴാണ് പണവും അധികാരവും മേൽക്കോയ്മ സ്ഥാപിക്കുന്നത്?
(അസംതൃപ്തി വളരുമ്പോൾ, നിരാശയും അസംതൃപ്തിയും കാരണം, മൂല്യങ്ങൾ അകലുമ്പോൾ, പരിധിയിലൊതുങ്ങാത്ത ആവശ്യങ്ങളുടെ സമ്മർദ്ദം കാരണം)

2) ദൂരം എന്ന യാഥാർത്ഥ്യം അപ്രസക്തമായത് ............. മൂലമാണ്.
(സാങ്കേതികമായ പ്രവചനങ്ങൾ മൂലം, വിവരസാങ്കേതിക വിദ്യകളുടെ വികാസം മൂലം, ആഗോളവൽക്കരണം മൂലം, യാത്രാസൗകര്യങ്ങളുടെ വികാസം മൂലം)

3) ആഗോളവത്കൃതസമൂഹം ആരെ ആശ്രയിച്ചാണ് കഴിയുന്നത്?
(മൂല്യങ്ങളെ, ആചാരങ്ങളെ, ഭരണകൂടങ്ങളെ, വിപണിയെ)

4) എല്ലാവരും എല്ലായ്പ്പോഴും അസംതൃപ്തരും നിരാശരുമായിത്തീരാൻ കാരണമെന്താണ്?
(പരിധിയിലൊതുങ്ങാത്ത ആവശ്യങ്ങളുടെ സമ്മർദ്ദം മൂലം, വേട്ടയാടപ്പെടുന്ന ഇരകളായി മാറുന്നു എന്നതിനാൽ, പൗരാവകാശങ്ങളെപ്പറ്റിയുള്ള ബോധമില്ലായ്മ കാരണം, സാമ്പത്തികമായ പരാധീനതകൾ കാരണം)

5) ആഗോളവൽക്കരണം ഉണ്ടാക്കിയ ഭീമമായ ഒരു വിപത്ത് എന്താണ്?

(മഹത്തായ സംസ്കാരശൈലികളുടെ തിരോധാനം, മനുഷ്യന്റെ ഭൗതികജീവിതത്തിന്റെ തകർച്ച, മനുഷ്യനെ തന്റെ ഓർമ്മകളിലേക്ക് മടക്കികൊണ്ടുവന്നത്, മനുഷ്യന്റെ ഭൂതകാലത്തിന്റെ വേരുകളറുത്ത് നിസ്സഹായനാക്കിയത്)

6) അവികലമായ സാംസ്കാരിക ലാവണ്യബോധം എന്തിന്റെ ഭാഗമായിത്തീർന്നു?

(ജീവിതത്തിന്റെ, സമൂഹത്തിന്റെ, വിപണിയുടെ, ആഗ്രഹങ്ങളുടെ)

7) സാങ്കേതികമായ പ്രവചനങ്ങളുടെ കാലം എന്തിലൂടെയാണ് സംജാതമായത്?

(ആചാരങ്ങളിലൂടെ, ആഗോളവൽക്കരണത്തിലൂടെ, വിവരസാങ്കേതികവിദ്യയിലൂടെ, ശിഥിലയാഥാർത്ഥ്യങ്ങളിലൂടെ)

8) 'മാറ്റം' എന്നതിന്റെ അർത്ഥത്തിൽ ഗദ്യഭാഗത്ത് ഉപയോഗിച്ചിരിക്കുന്ന പദമേത്?

(പരിണാമം, പരിമാണം, പ്രയാണം)

9) മനുഷ്യനെ ആവശ്യങ്ങളുടെ ഖനിയാക്കി മാറ്റിയതെന്ത്?

(ആഗോളവൽക്കരണം, യന്ത്രവൽക്കരണം, ആഗോളീകരണം)

10) തന്നിരിക്കുന്നവയിൽ ശരിയായ പദം ഏതാണ്?

(അസ്തമയം, അസ്തമനം, അസ്ഥമനം, അസ്തമാനം)

**II. ഏതെങ്കിലും എട്ടെണ്ണത്തിന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. 8 × 1 = 8**

1) 'ഭൂരിപക്ഷം' – എന്നതിന്റെ വിപരീതപദം ഏത്?

(ബഹുഭൂരിപക്ഷം, ന്യൂനപക്ഷം, പക്ഷം, പക്ഷാഭേദം)

2) 'സ്വർണം' – എന്നതിന്റെ പര്യായപദം എടുത്തെഴുതുക.

(വർണം, കിരണം, ഹിമം, കനകം)

3) 'വാക്ക്' – എന്ന പദത്തിന്റെ പര്യായപദമല്ലാത്തത് ഏത്?

(ഉക്തി, മൊഴി, വചനം, ദൃഷ്ടി)

4) 'ശ്രീകൃഷ്ണൻ' – എന്നർത്ഥം വരാത്ത പദം ഏത്?

(മുകുന്ദൻ, ഹൃഷികേശൻ, വിജയൻ, വസുദേവൻ)

5) 'പൂരം' – എന്നതിന്റെ നാനാർത്ഥപദമല്ലാത്തത് ഏത്?

(കൂട്ടം, പട്ടണം, ഒരുത്സവം, ഒരുനാൾ)

6) 'കണ്ടം, കണ്ഠം' ഇവയുടെ അർത്ഥവ്യത്യാസം കുറിക്കുക.

(തല-മുറിക്കുക, വയൽ-കഴുത്ത്, കുറുകെ-പാടം, അവയവം-കഴുത്ത്)

7) 'ദ്രോണരുടെ പുത്രൻ' എന്നതിന്റെ ശരിയായ ഒറ്റപ്പദം എഴുതുക.

(ദ്രോണി, ദ്രോണപുത്രൻ, ദ്രൗണി, അശ്വത്ഥാമാവ്)

8) 'വ്യഥിതൻ' – എന്നതിന്റെ എതിർലിംഗം എടുത്തെഴുതുക.

(വ്യഥിത, വ്യഥിതർ, വ്യഥിതന്മാർ, വ്യഥിതകൾ)

9) 'സുതൻ, സൂതൻ' – എന്നതിന്റെ അർത്ഥവ്യത്യാസം കുറിക്കുക.

(പുത്രൻ, തെറ്റ്, തേരാളി, മഹിമ)

10) താഴെ തന്നിരിക്കുന്നവയിൽ ശരിയായ പദം എടുത്തെഴുതുക.

(അശ്വത്ഥാമാവ്, അശ്വത്ഥാമാവ്, അശ്വഥാമാവ്)

**III.** **ഏതെങ്കിലും നാലെണ്ണത്തിനുമാത്രം ബ്രായ്ക്കറ്റിൽനിന്ന് ശരിയുത്തരങ്ങൾ തെരഞ്ഞെടുത്തെഴുതുക. (ഓരോന്നിനും 1 മാർക്കുവീതം)** **4 × 2 = 8**

i) **"ഞാൻ ശിബിരത്തിൽ കടന്ന് കാലനെപ്പോലെ പ്രവർത്തിക്കും."**

a) ആരാണ് കാലനെപ്പോലെ പ്രവർത്തിച്ചത്?

(കൃപർ, കൃതവർമ്മാവ്, അശ്വത്ഥാമാവ്)

b) അയാൾ ആരുടെ മുറിയിലേക്കാണ് ആദ്യം കടന്നുചെന്നത്?

(പാഞ്ചാലരുടെ, ശിഖണ്ഡിയുടെ, ധൃഷ്ടദ്യുമ്നന്റെ)

ii) **"ആ ചെറ്റ ശിഖണ്ഡിയെ കൊന്നതിൽ ഞാനിന്ന് ഇന്ദ്രനെപ്പോലെയായി."**

a) ഇത് പറയുന്നതാര്?

(ദ്രൗണി, ദുര്യോധനൻ, കൃപർ)

b) ശിഖണ്ഡി ആരുടെ എതിരാളി ആയിരുന്നു?

(ദുര്യോധനന്റെ, ദ്രോണരുടെ, ഭീഷ്മരുടെ)

iii) **'കാലാഹിനാ പരിഗ്രസ്തമാം ലോകവു-**
**മാലോല ചേതസാ ഭോഗങ്ങൾ തേടുന്നു.'**

a) ജീവിതത്തിൽ മിന്നൽപോലെ ആയുസ്സ് കുറഞ്ഞ മറ്റൊന്ന് എന്താണ്?

(ഭോഗങ്ങൾ, സത്യം, മർത്ത്യജന്മം, ദുർദുരം)

b) കാലമാകുന്ന പാമ്പിന്റെ വായിൽ അകപ്പെട്ട ലോകം ചഞ്ചലമായ മനസ്സോടുകൂടി എന്തിനെയാണ് തേടുന്നത്?

(ഭോഗങ്ങളെ, ഭക്ഷണത്തെ, ആയുസ്സിനെ, മോക്ഷത്തെ)

iv) **"പൊട്ടിക്കരഞ്ഞും ശഠിച്ചും കുതറിയു**
**മെത്തിയതും ഉച്ചയാവോളമമ്മയാ**
**ചുറ്റുമതിലിൻ പുറത്തന്നുനിന്നതും"**

a) എവിടെ കാത്തുനിന്ന കാര്യമാണ് ഇവിടെ പരാമർശിക്കപ്പെടുന്നത്?

(വരാന്തയിൽ, അമ്പലത്തിൽ, വിദ്യാലയത്തിനു പുറത്ത്)

b) പൊട്ടിക്കരഞ്ഞു - സന്ധിയേത്?

(ആഗമം, ദിത്വം, ലോപം)

v) **"ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി."**

a) എങ്ങനെ?

(പാണ്ഡവരുടെ വിജയത്തോടെ, കൗരവരുടെ വിജയത്തോടെ, ദുര്യോധനന്റെ മരണത്തോടെ, അശ്വത്ഥാമാവിന് ശാപം ലഭിച്ചതോടെ)

b) ആരായിരുന്നു കൗരവപക്ഷത്തെ ആദ്യസൈന്യാധിപൻ?

(ദുര്യോധനൻ, കർണ്ണൻ, ദ്രോണാചാര്യർ, ഭീഷ്മാചാര്യർ)

**IV.** **ഏതെങ്കിലും നാലെണ്ണത്തിനുമാത്രം ഉത്തരം എടുത്തെഴുതുക.** **4 × 4 = 16**

i) **"ആചാര്യപുത്രാ, എന്നെ ശസ്ത്രംകൊണ്ടു കൊന്നേക്കൂ."**

a) ആരാണ് പറയുന്നത്?

(ധൃതരാഷ്ട്രർ, ധർമ്മപുത്രർ, ധൃഷ്ടദ്യുമ്നൻ, ധാർത്തരാഷ്ട്രൻ)

b) ശസ്ത്രം കൊണ്ട് കൊല്ലാതിരിക്കാൻ എന്താണ് കാരണം?

(ശസ്ത്രമില്ലായ്മ, ഗുരുത്വമില്ലായ്മ, ഗുരുഘ്നാതിയാകയാൽ, ക്രൗര്യം കാരണം)

c) ഇങ്ങനെയാണ് മഹാഭാരതയുദ്ധത്തിന്റെ പരിസമാപ്തി. എങ്ങനെ?

(പാണ്ഡവരുടെ വിജയത്തോടെ, കൗരവരുടെ വിജയത്തോടെ, ദുര്യോധനന്റെ മരണത്തോടെ, അശ്വത്ഥാമാവിന് ശാപം ലഭിച്ചതോടെ)

d) 'കാലന്നൂർപൂകിക്കും' എന്ന പ്രയോഗത്തിന്റെ അർത്ഥമെന്ത്?

(നാട്ടിൽനിന്ന് ഓടിക്കും, പരലോകത്തേക്ക് അയയ്ക്കും, സമൂഹഭ്രഷ്ടനാക്കും, മാനഹാനി വരുത്തും)

ii) **"പട്ടകളിൽ കാറ്റിരമ്പുന്നത് അന്നാദ്യമായി വെള്ളായിയപ്പന് അപരിചിതമായി തോന്നി."**

a) ഈ വരികളിലൂടെ നമുക്കു മനസ്സിലാക്കാൻ കഴിയുന്ന കഥയുടെ പ്രത്യേകത എന്ത്?

(ശക്തമായ കാറ്റുണ്ടായിരുന്നു, വെള്ളായിയപ്പന് കാറ്റ് ഇഷ്ടമായിരുന്നില്ല, ഒ.വി. വിജയന്റെ കഥകളിലെ നിറസാന്നിദ്ധ്യമാണ് കാറ്റ്)

b) മകനെ കാണാനുള്ള യാത്രയിൽ കാറ്റ് വെള്ളായിയപ്പന് അനുഭവപ്പെട്ടതെങ്ങനെ?

(ആശ്വാസമായി, അപരിചിതമായി, ഭീതിയായി)

c) കാറ്റ് നിറസാന്നിദ്ധ്യമായി വരുന്ന ഒ.വി. വിജയന്റെ മറ്റൊരു കഥ ഏത്?

(ഇനി ഞാനുറങ്ങട്ടെ, കാറ്റുപറഞ്ഞ കഥ, ജലം)

d) ഒ.വി. വിജയന്റേതല്ലാത്ത കൃതി ഏത്?

(ഗുരുസാഗരം, ഖസാക്കിന്റെ ഇതിഹാസം, ആവിലായിലെ സൂര്യോദയം)

iii) **"<u>ഭോഗങ്ങളെല്ലാം</u> ക്ഷണപ്രഭാചഞ്ചലം**
**<u>വേഗേനനഷ്ടമാ</u>മായുസ്സുമോർക്ക നീ.**
**വഹ്നിസന്തപ്തലോഹസ്ഥാം സുബിന്ദുനാ**
**സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം."**

a) വേഗേന നഷ്ടമാകുന്നത് എന്ത്?

(ധനം, രാജ്യം, ആയുസ്സ്)

b) അഹംബുദ്ധിയുണ്ടാകുന്നത് എന്തുകൊണ്ട്?

(ക്രോധം മൂലം, ദേഹം നിമിത്തം, മോഹം നിമിത്തം)

c) അടിവരയിട്ട വരികളിൽ വരുന്ന ശബ്ദാലങ്കാരം ഏത്?

(ആദിപ്രാസം, അന്ത്യപ്രാസം, ദ്വിതീയാക്ഷരപ്രാസം)

d) എഴുത്തച്ഛൻ സ്വീകരിച്ച ഭാഷയുടെ പ്രത്യേകത എന്ത്?

(സംസ്കൃതത്തിന് പ്രാധാന്യമുള്ള മണിപ്രവാളം, മലയാളത്തിനു പ്രാധാന്യമുള്ള മണിപ്രവാളം, ദ്രാവിഡഭാഷ)

iv) **"ഉറങ്ങുമ്പോഴോ ഓർക്കാപ്പുറത്തോ കൊല്ലുമ്പോലെയാണ്, വിഷം തന്നു കൊല്ലുമ്പോലെയാണ് എന്നെ കൊന്നത്."**

a) ഇതാരുടെ വാക്കുകളാണ്?

(ധൃഷ്ടദ്യുമ്നന്റെ, കർണ്ണന്റെ, ദുര്യോധനന്റെ)

b) കൊന്നു എന്ന ക്രിയയുടെ കർമ്മണിപ്രയോഗരൂപം ഏത്?

(കൊന്ന, കൊല്ലപ്പെട്ടു, കൊന്നുകളഞ്ഞു)

c) കൊല്ലുക എന്നർത്ഥം വരാത്തപദം എടുത്തെഴുതുക.

(ഹസിക്കുക, ഹനിക്കുക, വധിക്കുക)

d) ഈ വാക്കുകളിൽ തെളിയുന്ന ദുര്യോധനന്റെ പാണ്ഡവരോടുള്ള മനോഭാവം എന്ത്?

(അസൂയ, പക, ദേഷ്യവും അസൂയയും അമർഷവും)

v) **"'അങ്ങനെ വല്ലപാടും' വിജയം നേടിയ പാണ്ഡവർ സന്ധ്യയ്ക്കു ജയഘോഷത്തോടെ കൂടാരങ്ങളിലേക്കു തിരിച്ചു."**

a) 'വല്ലാപാടും നേടിയ വിജയം' എന്നു പറഞ്ഞിരിക്കുന്നത് എന്തുകൊണ്ട്?

(വളരെ കഷ്ടപ്പെട്ടാണ് പാണ്ഡവർ വിജയം നേടിയത്, പൂർണ്ണമായും യുദ്ധധർമ്മ ങ്ങൾ പാലിച്ച് നേടിയെടുത്ത ആധികാരിക വിജയം അവകാശപ്പെടാനാവില്ല, കൗരവ രുടെ ചതിയെയും അധർമ്മത്തെയും നേരിടാൻ പാണ്ഡവർ ഏറെ ബുദ്ധിമുട്ടി)

b) കുരു പാണ്ഡവയുദ്ധം നടന്നത് എവിടെ വച്ച്?

(സ്യമന്തപഞ്ചകത്തിൽ, കുരുക്ഷേത്രത്തിൽ, ഇന്ദ്രപ്രസ്ഥത്തിൽ)

c) ആരായിരുന്നു കൗരവപക്ഷത്തെ ആദ്യത്തെ സൈന്യാധിപൻ?

(ദുര്യോധനൻ, കർണ്ണൻ, ദ്രോണാചാര്യൻ, ഭീഷ്മാചാര്യൻ)

d) ദുര്യോധനനെ വീഴ്ത്തിയത് ............. നെതിരായിട്ടാണ്?

(നിയമത്തിന്, ന്യായത്തിന്, യുദ്ധധർമ്മത്തിന്)

## ബി വിഭാഗം

**V.** a) **പ്രയോഗം മാറ്റുക.** **2 × 1 = 2**

i) ആ ദുഷ്ടൻമാർ കൊടുംക്രൂരത കാട്ടി എന്റെ അച്ഛനെ വധിച്ചു.

ii) ദ്രൗണി അയാളെ ചവിട്ടിയുണർത്തി.

b) **അംഗ-അംഗിവാക്യങ്ങൾ തിരിച്ചെഴുതുക.** **2 × 1 = 2**

i) അർജ്ജുനന്റെ പുത്രവധുവായ ഉത്തര പെറ്റുണ്ടാവുന്ന പരീഷിത്ത് പാണ്ഡവവംശത്തെ നിലനിർത്തുക തന്നെ ചെയ്യും.

ii) ദ്രൗണി അത് പാണ്ഡവഗർഭത്തിലേക്ക് വിട്ടപ്പോൾ ഹൃഷീകേശൻ ഹർഷംപൂണ്ട് ആ പാപിയോടു പറഞ്ഞു.

c) **വാക്യത്തിൽ തെറ്റുണ്ടെങ്കിൽ തിരുത്തുക.** **2 × 1 = 2**

i) സർവ്വഭൂതാത്മാവായ നാരദനും ഭാരതപിതാമഹനായ കൃഷ്ണദ്വൈപായനനും ആ അസ്ത്രങ്ങൾക്ക് നടുക്ക് മധ്യത്തിൽ മറ്റു രണ്ട് അഗ്നികളെപ്പോലെ വന്നുനിന്നു.

ii) ആളുകൾ ഉറക്കപ്പിച്ചും ഭയവും പിടിപെട്ട് അങ്ങുമിങ്ങും വേഗത്തിൽ ഓടിപായുകയായി

d) **അർത്ഥം മാറാതെ വിധിവാക്യത്തെ നിഷേധവാക്യമാക്കി മാറ്റുക.** **2 × 1 = 2**

i) അശ്വത്ഥാമാവ് കണ്ണീരുമായി പലതും പറഞ്ഞു വിലപിച്ചു.

ii) യുദ്ധത്തിന്റെ ആദ്യദിവസങ്ങളിൽ ഈ കരാറെല്ലാം ഏറെക്കുറെ പാലിക്കപ്പെട്ടു.

e) **ഏതെങ്കിലും രണ്ടെണ്ണം ആശയം വ്യക്തമാകുംവിധം സ്വന്തം വാക്യത്തിൽ പ്രയോഗിക്കുക.** **2 × 1 = 2**

i) ശുണ്ഠിയെടുക്കുക ii) സാഹസം ചെയ്യുക

iii) കത്തിജ്ജ്വലിക്കുക

**VI. ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (ഓരോന്നിനും 5 മാർക്കു വീതം)** **5**

a) **ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക.**

i) സൈബർ ലോകത്തിലെ ചതിക്കുഴികൾ

ii) പ്രളയം നൽകിയ പാഠം

b) നിങ്ങളുടെ പ്രദേശത്ത് പകർച്ചവ്യാധി പടരുന്നതിനെക്കുറിച്ച് ആരോഗ്യവിഭാഗത്തെ അറിയിച്ചുകൊണ്ട് കത്ത് തയ്യാറാക്കുക. **5**

c) നിങ്ങളുടെ നാട് പ്ലാസ്റ്റിക് രഹിത ഗ്രാമമായി പ്രഖ്യാപിക്കുന്ന ചടങ്ങ് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും. ഈ പരിപാടിയെക്കുറിച്ച് ഒരു പത്രവാർത്ത തയ്യാറാക്കുക. **5**

**VII. താഴെക്കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് നിർദ്ദേശമനുസരിച്ച് ഉത്തരമെഴുതുക. ഓരോന്നിനും 3 മാർക്കു വീതം.**

a) **ഏതെങ്കിലും ഒരു ചോദ്യത്തിനുമാത്രം ഉത്തരം എഴുതുക.** **1 × 3 = 3**

i) "ഞാൻ യജ്ഞം ചെയ്തു, ഭരിക്കേണ്ടവരെ ഭരിച്ചു; ഭൂമിയടക്കി വാണു. ശത്രുക്കളുടെ തലയിൽ കാൽ വച്ചു - ആർക്കുള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം?'

'എന്റെ സഹോദരി, ദുശ്ശള, അവളുടെ ഭർത്താവും സഹോദരന്മാരും മരിച്ചതു കേട്ട് കരഞ്ഞുകരഞ്ഞ് എന്താവുമോ ആവോ!'

സൂചനകൾ പ്രയോജനപ്പെടുത്തി ദുര്യോധനൻ എന്ന കഥാപാത്രത്തെ നിരൂപണം ചെയ്യുക.

ii) "ഞാനിന്നു ഇന്ദ്രനെപ്പോലെയായി. നിങ്ങൾക്കു നല്ലതുവരട്ടെ സ്വസ്തി. ഇനി സ്വർഗ്ഗത്തിൽ കാണാം." സന്ദർഭമെഴുതി ആശയം വ്യക്തമാക്കുക.

b) **ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്കുമാത്രം ഉത്തരം എഴുതുക.** **2 × 3 = 6**

i) "സന്യസിച്ചളവുമാസ്ഥയാൽ ഭവാൻ-
തന്നെയോർത്തിഹ തപസ്സിൽ വാണ ഞാൻ
ധന്യയായ് സപദി കാൺകമൂലമ-
ങ്ങെന്നെ യോർക്കിലുമോർത്തിടായ്കിലും"

ഇവിടെ നളിനി ദിവാകരനു സമയായിത്തീർന്നിരിക്കുന്നു. എങ്ങനെയെന്നു വ്യക്തമാക്കുക.

ii) "അന്നത്തെ സൂചിപ്രയോഗത്തിൻ നീറ്റൽ പോ-
ലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയ്." ഇത് എന്റെ ഓർമ്മയാണ്. ഇത്തരത്തിലുള്ള ഓർമ്മകൾക്ക് ഈ കവിതയിൽ സവിശേഷമായ പ്രാധാന്യമുണ്ട്. സമർത്ഥിക്കുക.

iii) ജീവിതത്തിന്റെ നശ്വരത ബോധ്യപ്പെടുത്തുന്നതിന് ശ്രീരാമൻ എന്തെല്ലാം കാര്യങ്ങളാണ് ലക്ഷ്മണനോട് പറഞ്ഞത്?

**VIII. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മാത്രം ഉത്തരമെഴുതുക.** **2 × 3 = 6**

1) കേരളീയ നവോത്ഥാനത്തിന് അടിത്തറ പാകിയ വിശിഷ്ടോപാധികൾ എന്തായിരുന്നു?

2) തൈക്കാട് അയ്യാവു സ്വാമിയെക്കുറിച്ച് ഒരു വിവരണം തയ്യാറാക്കുക.

3) പഠനത്തിനു പുറമേ കുഞ്ഞൻപിള്ളയ്ക്ക് താല്പര്യമെന്തിലെല്ലാമായിരുന്നു എന്നു വിവരിക്കുക.